"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

നം.95/ഡി സി.1/2021/തസ്വഭവ

തദ്ദേശ സ്വയംഭരണ (ഡി.സി.) വകുപ്പ്
തിരുവനന്തപുരം,
തീയതി: 20/05/2021

## സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - കോവിഡ് 19 - ഡി.സി.സി.കളിലും സി.എഫ്.എൽ.ടി.സി.കളിലും സി.എസ്.എൽ.ടി.സി.കളിലും വരുന്ന കോവിഡ് രോഗികളുടെ സ്വകാര്യ വസ്തുക്കൾ/ആഭരണങ്ങൾ എന്നിവയുടെ സുരക്ഷ - നിർദ്ദേശങ്ങൾ നൽകുന്നത് - സംബന്ധിച്ച്

സൂചന:- 1 16.07.2020-ലെ സ.ഉ.(സാധാ.)1364/2020/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്

2 14.05.2021 ലെ കോവിഡ് വാർ റൂം പ്രതിദിന ഓൺലൈൻ മീറ്റിങ്ങിലെ തീരുമാനങ്ങൾ

3 17.05.2021 ലെ കോവിഡ് വാർ റൂം പ്രതിദിന ഓൺലൈൻ മീറ്റിങ്ങിലെ തീരുമാനങ്ങൾ

4 കില സമർപ്പിച്ച റിപ്പോർട്ട്

***********************

സംസ്ഥാനത്ത് കോവിഡ് വ്യാപനം തടയുന്നതിന്റെ ഭാഗമായി സി.എസ്.എൽ.ടി.സി.കൾ രൂപീകരിച്ചുകൊണ്ട് സൂചന 1 പ്രകാരം ഉത്തരവായിരുന്നു. സൂചന 2-ലെ മീറ്റിങ്ങിൽ, ഡി.സി.സി.കളിലും സി.എഫ്.എൽ.ടി.സി.കളിലും വരുന്ന കോവിഡ് രോഗികളുടെ സ്വകാര്യ വസ്തുക്കൾ/ആഭരണങ്ങൾ എന്നിവയുടെ സുരക്ഷയെ സംബന്ധിച്ചുള്ള ആശങ്കകൾ ഉയർന്നിരുന്നു. സൂചന 3 പ്രകാരം ഇക്കാര്യത്തിൽ വ്യക്തത വരുത്തുവാൻ തീരുമാനിക്കുയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ സൂചന 4 റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ച് കോവിഡ് രോഗികളുടെ സ്വകാര്യ വസ്തുക്കൾ / ആഭരണങ്ങൾ എന്നിവയുടെ സുരക്ഷയെ സംബന്ധിച്ച് താഴെ പറയുന്ന നിർദ്ദേശങ്ങൾ നൽകുന്നു:

**നിർദ്ദേശങ്ങൾ**

1. ആശുപത്രികളിലും മറ്റും ആഭരണങ്ങളും മറ്റു വിലപിടിപ്പുള്ള വസ്തുക്കളും അവിടേക്ക് കൊണ്ടു വരരുതെന്നും അഥവാ കൊണ്ടുവന്നാൽ സൂക്ഷിക്കേണ്ട ഉത്തരവാദിത്വം രോഗികൾ/ബന്ധുക്കൾക്കാണെന്നും നിഷ്കർഷിക്കാറുണ്ട്. ഓപ്പറേഷനും മറ്റും കൊണ്ടു പോകുമ്പോൾ ഇവ ബന്ധുക്കളെ ഏല്പിക്കുകയാണ് പതിവ്. ആയതിനാൽ കോവിഡ് പ്രാഥമിക ചികിത്സാ സംവിധാനങ്ങളായ DCC, CFLTC, CSLTC എന്നിവിടങ്ങളിൽ ഇത്തരം കാര്യങ്ങൾ സൂക്ഷിക്കാൻ ഏൽക്കുന്നത് പരാതികൾക്കിടവരുത്തും എന്നതിനാൽ തങ്ങളുടെ വിലപിടിപ്പുള്ള സാധനങ്ങൾ അവരവർ തന്നെ സൂക്ഷിച്ചുകൊള്ളണമെന്നും ദിവസം മുഴുവൻ ഇവ സൂക്ഷിക്കാൻ അധികാരികൾക്ക് ആകില്ലെന്നും ജനങ്ങളെ ബോധവത്കരിക്കാവുന്നതാണ്.

2. അതേസമയം അടിയന്തരമായി രോഗികളെ പ്രവേശിപ്പിക്കേണ്ടിവരുന്ന സി.എസ്.എൽ.ടി.സി.കളിൽ ഇത്തരം സൗകര്യം ആവശ്യം വരുന്ന പക്ഷം

ചെയ്തുകൊടുക്കാവുന്നതാണ്. മേൽ സന്ദർഭങ്ങളിൽ നോഡൽ ഓഫീസർമാർ രസീത് നൽകി സാധനങ്ങൾ കൈവശം വാങ്ങി സൂക്ഷിക്കേണ്ടതാണ്.

3. വാർഡ് തല സമിതികൾ, എന്തൊക്കെ സാധനങ്ങൾ കോവിഡ് ചികിത്സാ കേന്ദ്രങ്ങളിൽ കൊണ്ടുവരാം എന്നത് സംബന്ധിച്ച് ജനങ്ങളെ ബോധവാന്മാരാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് മതിയായ പരിശീലനം വാർഡ് തല സമിതികൾക്ക നൽകാവുന്നതാണ്.

**ആർ .എസ് .കണ്ണൻ**
**സ്പെഷ്യൽ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ആരോഗ്യ വകുപ്പ് ഡയറക്ടർ
എല്ലാ ജില്ലാകളക്ടർമാർക്കും (ശുചിത്വ മിഷൻ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ നഗരസഭകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ കോർപറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
മാനേജിങ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E/G&SSA/E&RSA) കേരള, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

പകർപ്പ്:-

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ്അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സിഎയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയുടെ സിഎയ്ക്ക്